ഗ്രാന്റിൽ നിന്നും വൈദ്യുതി കുടിശ്ശിക അടയ്ക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഇതിനുള്ള നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എയുടെ സഹകരണത്തോടെ ത്രിതല പഞ്ചായത്തുകളുമായി ചർച്ചചെയ്ത് പരിഹരിക്കാവുന്നതാണ്. വിളവൂർകുടി ഗവൺമെന്റ് ട്രൈബൽ യു.പി. സ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലിൽ 73 ആൺകുട്ടികൾ അന്തേവാസികളായിട്ടുണ്ട്. കെട്ടിടത്തിന്റെ നവീകരണത്തിന് 12,72,000 രൂപ വിനിയോഗിച്ചിട്ടുണ്ട്. കുട്ടമ്പുഴ പഞ്ചായത്തിന്റെ ടി.എസ്.ബി. ഫണ്ട് ഉപയോഗിച്ച് ഹോസ്റ്റലിന് ആവശ്യമായ കുടിവെള്ള വിതരണത്തിനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. ഇതേ കോളനിയിൽ തന്നെ വിദ്യാഭ്യാസ വകുപ്പ് എം.ജി.പി. ഫണ്ട് ഉപയോഗിച്ച് പെൺകുട്ടികൾക്കായി ഒരു ഹോസ്റ്റൽ നിർമ്മിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി പ്രവർത്തിപ്പിക്കാൻ വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. 40 വർഷത്തിലേറെ പഴക്കമുള്ള ആയുർവേദ ഡിസ്പെൻസറി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 2009-2010 സാമ്പത്തിക വർഷത്തിൽ 3,72,000 രൂപ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്താൻ സാധ്യമല്ലെന്നും പുതിയ കെട്ടിടം നിർമ്മിക്കുകയാണ് വേണ്ടതെന്നുമുള്ള പൊതുമരാമത്ത് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ 8,75,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2010-2011-ൽ 5,03,000 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് കൈമാറാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിർമ്മാണ കാലയളവിൽ ഡിസ്പെൻസറി താൽക്കാലികമായി കോളനിയിലെ വനിതാ ക്ഷേമ കേന്ദ്രത്തിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(6) കെ.എസ്.ടി.പി. രണ്ടാം ഘട്ട പ്രവൃത്തികൾ

ശ്രീ. കെ. സി. ജോസഫ് : സർ, കെ.എസ്.ടി.പി.യുടെ രണ്ടാം ഘട്ട പ്രവർത്തനത്തിന് ലോക ബാങ്കിന്റെ അംഗീകാരം ലഭിക്കാൻ ഇടയില്ല എന്നാണ് അവസാനത്തെ വാർത്തകൾ സൂചിപ്പിക്കുന്നത്. ഒന്നാം ഘട്ടം പണി ഏതാണ്ട് പൂർത്തിയായിക്കൊണ്ടിരിക്കുന്നു. അത് പൂർത്തിയായാലും വായ്പയായി ലഭിച്ച തുകയിൽ ഏതാണ്ട് രണ്ടു കോടി ഡോളർ, 90 കോടി രൂപയോളം ചെലവാക്കാൻ കഴിയില്ല എന്നാണ് മലയാള മനോരമ വിശദീകരിക്കുന്നത്. ഒന്നാം ഘട്ടം പൂർത്തിയാകേണ്ടിയിരുന്നത് 2007 ഡിസംബർ 31-ന് ആയിരുന്നു. നാലു പ്രാവശ്യം അതിന്റെ കാലാവധി നീട്ടിക്കൊടുത്തു. ഇപ്പോഴും പൂർത്തിയായിട്ടില്ല. രണ്ടാംഘട്ടത്തിൽ തലശ്ശേരി വളവുപാറ റോഡ്, എന്റെ മണ്ഡലത്തിലുള്ള തളിപ്പറമ്പ് ഭാഗങ്ങൾ, എം. സി. റോഡിന്റെ ചെങ്ങന്നൂർ മുതൽ ആരംഭിക്കുന്നതും തൊടുപുഴ-പുനലൂർ തുടങ്ങിയവയെല്ലാം രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയതാണ്. നമ്മുടെ എല്ലാ പദ്ധതികളുടേയും ഒരു ശാപം സമയബന്ധിതമായി ഒന്നും പൂർത്തിയാക്കുന്നില്ലെന്നുള്ളതാണ്. അതുപോലെതന്നെ തലസ്ഥാന നഗര വികസന പദ്ധതി. അത് ഗവൺമെന്റിന്റെ പിടിവാശികൊണ്ടുമാത്രം നീണ്ടുപോയി. ഭാരിച്ച സാമ്പത്തിക ബാദ്ധ്യതയുണ്ടായി, ഒരു മലേഷ്യൻ ഉദ്യോഗസ്ഥൻ ആത്മഹത്യ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

സംഭവം വരെയുണ്ടായി. ഈ കാര്യത്തിൽ കുറച്ചുകൂടി കാര്യക്ഷമത കാണിക്കണം. റോഡ് പണി ആരംഭിക്കാനായി ഞങ്ങളെല്ലാം മഴ കാത്തിരിക്കുന്ന വേഴാമ്പലിനെപ്പോലെ കാത്തിരിക്കുകയാണ്. അങ്ങ് ദയവായി മുൻകൈയെടുത്ത് ഒന്നാംഘട്ടം പണി സമയബന്ധിതമായി പൂർത്തീകരിച്ച് പണം നഷ്ടപ്പെടാതിരിക്കാനും രണ്ടാംഘട്ട പദ്ധതിയിൽ ലോക ബാങ്ക് വായ്പ നഷ്ടപ്പെടാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുകയും വേണം.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ്. കെ.എസ്.റ്റി.പി.യുടെ ഒന്നും രണ്ടും ഘട്ട പ്രവൃത്തികളെ സംബന്ധിച്ചാണ് ഇവിടെ ഉന്നയിച്ചത്. അങ്ങ് പറഞ്ഞതിൽ കുറച്ച് വസ്തുതകളുണ്ട്. കുറച്ചൊക്കെ പത്രമാധ്യമങ്ങളിൽ വന്ന വാർത്തകളുമാണ്. ഒന്നാംഘട്ട പ്രവർത്തനം പൂർത്തീകരിക്കാനുള്ള സമയം ആയിക്കഴിഞ്ഞു. 98 ശതമാനം നിർമ്മാണ പ്രവർത്തനങ്ങളും പൂർത്തീകരിച്ചു. അവശേഷിക്കുന്നവ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. രണ്ടാം ഘട്ടത്തിൽ തലശ്ശേരി-വളവുപാറ റോഡ് ഉൾപ്പെടെ ആറ് റോഡുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പിലാത്തറ-പാപ്പിനിശ്ശേരി, കാസർഗോഡ്-കാഞ്ഞങ്ങാട്, ചെങ്ങന്നൂർ-ഏറ്റുമാനൂർ-മൂവാറ്റുപുഴ, പുനലൂർ-പൊൻകുന്നം-തൊടുപുഴ, പെരിന്തൽമണ്ണ-പെരുമ്പിലാവ് തുടങ്ങിയ ആറ് റോഡുകളാണ്. ഈ റോഡുകളുടെ ആകെ ദൈർഘ്യം 368 കി.മീറ്ററാണ്. 1356 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 2009 മാർച്ച് മാസത്തിൽത്തന്നെ കെ.എസ്.റ്റി.പി. രണ്ടാം ഘട്ടത്തിന് കേരള സർക്കാർ ഭരണാനുമതി നൽകി. ഈ തുക കണ്ടെത്തുന്നതിന് സ്വദേശത്തോ വിദേശത്തോ ഉള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ലോണെടുക്കുന്നതിന് അനുമതി നൽകുകയും ചെയ്തു. ഇപ്രകാരം ലോക ബാങ്ക് സഹായം തേടുന്നതിന് ആവശ്യമായ രേഖകൾ കേന്ദ്ര ധനകാര്യ വകുപ്പ് പരിഗണിക്കുകയും ചെയ്തു. എന്നാൽ കേരള സർക്കാരിന് വേൾഡ് ബാങ്കിൽ നിന്നും കടമെടുക്കാനുള്ള പരിധി കവിഞ്ഞുപോയി എന്ന കാരണത്താൽ കേന്ദ്ര സർക്കാരിന്റെ ക്ലിയറൻസ് ലഭിച്ചില്ല. ഏറ്റവും ഒടുവിലത്തെ കാര്യം പറയാം. മുഖ്യമന്ത്രിയും ഞാനും കേന്ദ്രമന്ത്രി പ്രണാബ് മുഖർജിയെ കണ്ട് വിശദമായ ചർച്ച നടത്തി. അദ്ദേഹത്തിന് ബോദ്ധ്യമായി. അദ്ദേഹം ഇതിന് അനുകൂലവുമാണ്. ഇതിന്റെ ഫലമായി 21-12-2010-ൽ കേന്ദ്ര വനമന്ത്രാലയത്തിന്റെ ഡെബ്റ്റ് സസ്റ്റെയിനബിലിറ്റി കമ്മിറ്റി (ഡി.എസ്.സി) ക്ലിയറൻസ് നൽകി. അപ്പോൾ ഒരു കടമ്പ കടന്നു. ഇനി കേന്ദ്രവന മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റിയുണ്ട്, ആ കമ്മിറ്റിയും അനുകൂലമാണ്. അതിനുവേണ്ടി പി.ഡബ്ല്യു.ഡി. സെക്രട്ടറിയെ ഡൽഹിയിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവിടെ റസിഡന്റ് കമ്മീഷണറുണ്ട്, അവരുടെ ടീം അത് നോക്കിക്കൊണ്ടിരിക്കുകയാണ്, അവരും സംസ്ഥാനത്തിന് അനുകൂലമാണെന്നാണ് കിട്ടിയ റിപ്പോർട്ട്. കെ.എസ്.ടി.പി. രണ്ടാംഘട്ടത്തിന് കേന്ദ്ര സർക്കാരിന്റെ അനുമതി നേടിയെടുക്കുന്നതിന് കേരള സർക്കാർ അങ്ങ് പറഞ്ഞതുപോലെ അശ്രാന്ത പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അനുമതി ഉടൻ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

10.00 A.M]

LIBRARY ARCHIVES Kerala Legislative Assembly